**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3402** **11-03-2025 - ൽ മറുപടിയ്ക്ക്**

**കോങ്ങാട് മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോങ്ങാട് മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കോങ്ങാട് മണ്ഡലത്തിലെ കോങ്ങാട്-2, കരിമ്പ-2, മണ്ണൂർ, പൊറ്റശ്ശേരി-2 എന്നീ വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളത്. അതിൽ കോങ്ങാട്-2, മണ്ണൂർ എന്നീ വില്ലേജ് ഓഫീസുകളുടെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്. |
| (ബി) | മണ്ഡലത്തിൽ ഇനിയും സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആക്കിയിട്ടില്ലാത്ത വില്ലേജ് ഓഫീസുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത വില്ലേജ് ഓഫീസുകളെ കൂടി സ്മാർട്ട് ആക്കുന്നതിന് നടപടി സ്വീകരിക്കാമോ; വ്യക്തമാക്കുമോ? | (ബി) | പ്രസ്തുത മണ്ഡലത്തിൽ പൊറ്റശ്ശേരി-1, പാലക്കയം, തച്ചമ്പാറ, കേരളശ്ശേരി, കോങ്ങാട്-1, കാരാക്കുറിശ്ശി, പറളി-1, പറളി-2, കരിമ്പ-1, മങ്കര എന്നീ വില്ലേജ് ഓഫീസുകളെയാണ് ഇനി സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുവാനുള്ളത്. അതിൽ പൊറ്റശ്ശേരി-1, പാലക്കയം, തച്ചമ്പാറ, കേരളശ്ശേരി, കോങ്ങാട്-1, കാരാക്കുറിശ്ശി, പറളി-1, പറളി-2 എന്നീ വില്ലേജ് ഓഫീസ് കെട്ടിടങ്ങൾക്ക് അറ്റകുറ്റപ്പണികൾ നടത്തിയിട്ടുള്ളതാണ്. ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി ശോച്യാവസ്ഥയിലായ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വില്ലേജുകൾക്ക് മുൻഗണന നൽകി സ്മാർട്ടാക്കുന്ന നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ